സുനാമി ദുരിതാശ്വാസ ഫണ്ടിലേക്ക് സർക്കാർ ജീവനക്കാർ നൽകിയ സാമ്പത്തിക സഹായം

69 [3766] *ശ്രീ. കെ. നാരയണക്കുറുപ്പ്*:
" *റോഷി അഗസ്റ്റിൻ*:
.. *തോമസ് ചാഴികാടൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ ഫണ്ടിലേക്ക് എല്ലാവിഭാഗം ജീവനക്കാരുടേയും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഫണ്ട് സമാഹരണത്തിന്റെ കാര്യത്തിൽ നിസ്സഹകരണം പുലർത്തുന്ന ജീവനക്കാരുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) ജീവനക്കാരുടെ ഭാഗത്തുനിന്നും നിസ്സഹകരണം ഉണ്ടാകാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയത്തിൽ എല്ലാവരുടെയും സഹകരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എല്ലാവിഭാഗം ജീവനക്കാരും സഹകരിച്ചിട്ടുണ്ട്. ഈയിനത്തിൽ 22-3-2005 വരെ 8,23,05,110 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ഇത് വിവിധ ഓഫീസുകൾ സമാഹരിച്ച് ഡ്രാഫ്റ്റാക്കി അയച്ചുതരികയും അത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിക്ഷേപിക്കുകയുമാണ് ചെയ്തത്. എല്ലാ ജീവനക്കാരും ഒരു ദിവസത്തെ വേതനം സംഭാവന ചെയ്യണമെന്ന് സർക്കാർ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ഇത് ഒരു സംഭാവന ആകയാൽ ആരെയെങ്കിലും നിർബന്ധിക്കുന്നതും ഉചിതമായിരിക്കുകയില്ല.

(ബി)—(ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

മുഖ്യമന്ത്രിയുടെ ചികിത്സാസഹായം

70 [3767] *ശ്രീ. യു. സി. രാമൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്ന് ചികിത്സാസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly